**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 110** **05-12-2022 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രാവർത്തികമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി കേന്ദ്രീകരിച്ച് ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് 310/GCW/2021 നമ്പറായി നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; നിലവിൽ പ്രസ്തുത ആവശ്യം സംബന്ധിച്ച ഫയൽനടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 310/GCW/2021 നമ്പറായി നൽകിയ കത്തിൽ ആവശ്യപ്പെട്ടിരുന്ന കാഞ്ഞിരപ്പള്ളി ട്രാഫിക് എൻഫോഴ്സ് മെന്റ് യൂണിറ്റ് അടക്കം പുതിയ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രപ്പോസൽ സർക്കാർ പരിശോധിച്ചിരുന്നു. ട്രാഫിക് മാനേജ്മെന്റിനായി സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കാൻ നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാന പോലീസ് മേധാവി തലത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ശബരിമല തീർത്ഥാടനകാലത്തെ 90 ശതമാനത്തോളം വാഹനങ്ങളും കടന്നു പോകുന്ന സ്ഥലമെന്നത് പരിഗണിച്ച് കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് പ്രാവർത്തികമാക്കാൻ ത്വരിതഗതിയിൽ നടപടി സ്വീകരിക്കുമോ? | (ബി) | (എ) യിൽ നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ